# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4505

26-06-2014-ലെ മറുപടിക്ക്

## സപ്ലൈകോയിലെ അഴിമതി തടയുന്നതിന് നടപടി

**ചോദ്യം**

**ശ്രീമതി കെ.എസ്. സലീഖ**

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | സപ്ലൈകോയിൽ സാധനങ്ങൾ വാങ്ങുന്നതിനായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് അറിയിക്കുമോ; | എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇ-ടെൻഡർ മുഖേന നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോയിൽ വാങ്ങിച്ചിരുന്നു. ചില സാഹചര്യങ്ങളിൽ ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ടും സാധനങ്ങൾ വാങ്ങാറുണ്ടായിരുന്നു. |
| ബി) | പ്രസ്തുത മാനദണ്ഡങ്ങളിൽ ഈ സർക്കാർ എന്തെല്ലാം മാറ്റങ്ങൾ വരുത്തി; വ്യക്തമാക്കുമോ; | ബി) | പ്രസ്തുത മാനദണ്ഡങ്ങളിൽ ഇപ്പോഴത്തെ സർക്കാർ കാര്യമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. ഉത്പാദന കേന്ദ്രങ്ങളിൽ നിന്നും സപ്ലൈകോ നേരിട്ട് സാധനങ്ങൾ വാങ്ങുന്ന രീതി ഇപ്പോൾ തുടരുന്നില്ല. 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾ ഇ-ടെൻഡർ മുഖേന നടത്തണമെന്ന ഗവൺമെന്റ് തീരുമാന പ്രകാരമാണ് ഈ രീതി തുടരാത്തത്. |
| സി.) | ഇതു സംബന്ധിച്ച് പരാതികളും സാധനങ്ങൾ വാങ്ങുന്നതിലെ അഴിമതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | സി) | ഇ-ടെൻഡർ രീതിയിലൂടെ സപ്ലൈകോയിൽ സാധനങ്ങൾ വാങ്ങിക്കുന്നത് സംബന്ധിച്ച് ചില പരാതികൾ പത്ര വാർത്തകളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇ ടെൻഡറിൽ വിപണിവിലയേക്കാൾ ഉയർന്ന നിരക്കിൽ കരാറുകാർ വില രേഖപ്പെടുത്തുമ്പോൾ വില കുറയ്ക്കുന്നതിനുവേണ്ടി കോർപ്പറേഷൻ ഒന്നിൽ കൂടുതൽ തവണ നെഗോഷിയേഷൻ നടത്തി കരാറുകാരെക്കൊണ്ട് കൂടിയ നിരക്ക് കുറപ്പിക്കാറുണ്ട്. വില പേശൽ നടത്തിയിട്ടും കരാറുകാർ ആരും തന്നെ നിരക്ക് കുറച്ചില്ലെങ്കിൽ ഇവ റീടെൻഡർ ചെയ്യുകയോ അല്ലെങ്കിൽ അടുത്ത ടെൻഡറിൽ വാങ്ങുന്നതിന് മാറ്റി വയ്ക്കുകയോ ചെയ്യും. ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തുന്ന സപ്ലൈയർമാർക്ക് മാത്രമാണ് പർച്ചേസ് ഓർഡർ നൽകുന്നത്.<br>നേരിട്ടുള്ള വാങ്ങൽ രീതി മാറ്റിയത് ക്രമക്കേടുകൾ തടയാനാണ്. ഇ-ടെൻഡർ സുതാര്യമായ നടപടി ക്രമമാണ്. |

| | | | |
|---|---|---|---|
| ഡി) | കരാറുകാർ സപ്ലൈകോയ്ക്ക് നൽകുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധന നടത്താറുണ്ടോ; എങ്കിൽ വിശദമാക്കാമോ; | ഡി) | കരാറുകാർ സപ്ലൈകോയ്ക്ക് നൽകുന്ന സാധനങ്ങളുടെ കർശനമായ ഗുണനിലവാര പരിശോധന നടത്താറുണ്ട്. സപ്ലൈകോയുടെ ഡിപ്പോകളിൽ കരാറുകാർ നൽകുന്ന ഓരോ സാധനങ്ങളുടെയും സാമ്പിളുകൾ അന്നന്നു തന്നെ ശേഖരിച്ച് ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാർ ശാസ്ത്രീയ പരിശോധന നടത്തി മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സാധനങ്ങളാണ് അവയെന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ അവ ഡിപ്പോയിൽ സ്വീകരിക്കാറുള്ളൂ. നിലവാരം കുറഞ്ഞവയാണെന്ന് കാണുന്ന പക്ഷം ആയത് റിജക്റ്റ് ചെയ്ത് മടക്കി അയയ്ക്കുകയും പകരം നല്ല സാധനങ്ങൾ വീണ്ടും സപ്ലൈ ചെയ്യാൻ നിർദ്ദേശിക്കുകയുമാണ് ചെയ്തത്. |
| ഇ) | 2014 വർഷം വിപണി വില യെ ക്കാൾ കൂടുതൽ തുക നല്കി ഏതൊക്കെ സാധനങ്ങൾ വാങ്ങി; | ഇ) | 2014 വർഷം വിപണിവിലയേക്കാൾ കൂടുതൽ തുക നൽകി സപ്ലൈകോയിൽ സാധനങ്ങൾ ഒന്നും വാങ്ങിച്ചിട്ടില്ല. ഈ കാലയളവിൽ സപ്ലൈകോയിൽ സാധനങ്ങൾ എല്ലാം തന്നെ പൊതുവിപണിയിലെ മൊത്ത വിൽപ്പന വിലയേക്കാൾ താഴ്ന്ന നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. |
| എഫ്) | ഇത്തരത്തിൽ വിപണി വില യെക്കാൾ കൂടുതൽ വിലയ്ക്ക് സാധനങ്ങൾ വാങ്ങി അഴിമതിക്ക് കൂട്ടു നിന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തുമോ; എങ്കിൽ വിശ ദാംശം ലഭ്യമാക്കുമോ; | എഫ്) | ബാധകമല്ല. |
| ജി.) | നിലവിൽ സപ്ലൈകോ ഏതെല്ലാം അന്യസംസ്ഥാന ങ്ങളിലെ കരാറുകാരിൽ നിന്നും സാധനങ്ങൾ വാങ്ങുന്നു; | ജി.) | തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാ-നങ്ങളിലെ കരാറുകാർ സപ്ലൈകോയുടെ ഇ-ടെൻഡറിൽ പങ്കെടുക്കുകയും സപ്ലൈകോ അവരിൽ നിന്ന് സാധനങ്ങൾ വാങ്ങിക്കുകയും ചെയ്യുന്നുണ്ട്. |
| എച്ച്) | സപ്ലൈകോയിൽ ടെണ്ടർ നടപടി അടക്കമുള്ളവ കൈകാര്യം ചെയ്യുന്ന തന്ത്രപ്രധാന സീറ്റുകളിൽ ജോലി നോക്കുന്നവരിൽ വിജിലൻസ് അന്വേഷണമോ, വകുപ്പുതല അന്വേഷണമോ നേരിടുവന്നർ ഉണ്ടോ; ഉണ്ടെങ്കിൽ അവർ ആരൊക്കെ; ഇത്തരക്കാരെ പ്രധാന തസ്തികകളിനിന്ന് ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | എച്ച്) | സപ്ലൈകോയിൽ ടെൻഡർ നടപടി ക്രമങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് എതിരെ നിലവിൽ വിജിലൻസ് അന്വേഷണമോ വകുപ്പുതല അന്വേഷണമോ ഇല്ല. |

| | | | |
|---|---|---|---|
| (ഐ) | സപ്ലൈകോയിലെ അഴിമതി-യുമായി ബന്ധപ്പെട്ട് ഉന്നത ഐ.എ.എസ് ഉദ്യോഗസ്ഥർ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുക്കാൻ വിമുഖത കാട്ടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ സപ്ലൈകോയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് തയ്യാറാകുമോ? വ്യക്തമാക്കുമോ? | (ഐ) | അങ്ങനെയൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Beena

**സെക്ഷൻ ഓഫീസർ**